സ്റ്റോറൺക്രഷർ യന്ത്രങ്ങൾ സ്ഥാപിക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്നതായി പരാതി

* 599 [639] ശ്രീ. ടി.കെ. രാമകൃഷ്ണൻ:
,, പി.വി. കുഞ്ഞികണ്ണൻ:
,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറികളിൽ സ്റ്റോറൺക്രഷർ യന്ത്രങ്ങൾ സ്ഥാപിക്കുന്നതുമൂലം ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരത്തിലുള്ള യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഇത്തരം യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനെ തൊഴിലാളികൾ സംഘടനാ വ്യത്യാസം കൂടാതെ എതിർക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഇങ്ങനെയൊരു പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) 1.കോവളം, 2.വിജയാ കൺസ്ട്രക്ഷൻ ക്വാറി, ഏറ്റുമാന്നൂർ, 3.സജീവോ ഇൻഡസ്ട്രീസ്, കാരിയാട്, അങ്കമാലി, 4.സ്റ്റാബ്സ് ആൻഡ് അഗ്രിഗേറ്റ്, കുടയിരുപ്പ്, കോലഞ്ചേരി, 5.ഇളയിടത്തുചേരി ക്വാറി—നെല്ലിക്കുഴി, കോതമംഗലം, 6. ആനപ്പാറ, തൃശ്ശൂർ, 7.പീച്ചി, തൃശ്ശൂർ(രണ്ടെണ്ണം), 8.ലോകനാർകാവിൽ, വടകര.കോഴിക്കോട് 9.ഇരൻ ഹോളി ഗ്രാനൈറ്റ് മെറ്റൽ ഇൻഡസ്ട്രീസ്, തലശ്ശേരി ഇടുക്കിജില്ലയിലെ വിവരം കിട്ടിയിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ ലോകനാർകാവിലുള്ള തൊഴിലാളികൾ സംഘടനാവ്യത്യാസം കൂടാതെ ഇത്തരം യന്ത്രം സ്ഥാപിക്കുന്നതിനെ എതിർത്തിട്ടുള്ളതായി അറിയാം.

മറ്റു സ്ഥലങ്ങളിൽനിന്നും എല്ലാ സംഘടനകളുടെയും പ്രതികരണം ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ലോകനാർകാവിൽ യന്ത്രം സ്ഥാപിച്ചതിന്റെ ഫലമായി പണിയില്ലാതായ തൊഴിലാളികൾ അതിനെ ചെറുക്കുകയും പിക്കറ്റിംഗ് നടത്തുകയും ചെയ്തപ്പോൾ രണ്ടുമൂവായിരത്തിൽപരം തൊഴിലാളികളെ അറസ്റ്റു ചെയ്യുകയും കുറെ അധികംപേരെ പോലീസ് മർദ്ദിക്കുകയും ചെയ്തതായി പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ പ്രശ്നത്തിലിടപെട്ട് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ക്രഷർ ഉപയോഗിക്കുക എന്നു പറയുന്നത് ആദ്യമായിട്ടൊന്നുമല്ല. നേരത്തെ ഉള്ളതാണ്. അത് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. അവിടെ പണിയെടുക്കുന്ന തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളല്ല വെളിയിൽനിന്നുള്ള തൊഴിലാളികളാണ് കൊണ്ടുത്തതെന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ട്. ഇത് പോലീസി സംബന്ധമായ ഒരു അഭിപ്രായവ്യത്യാസമാണ്. അതിനാണ് പരിഹാരമുണ്ടാക്കേണ്ടത്. അതിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യാൻ നോക്കാം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: അവിടെ ഉള്ള തൊഴിലാളികളും എന്നു പറയുന്നത് ഇപ്പോൾ ഈ ക്രഷർ സ്ഥാപിച്ചതിനുശേഷം ക്രഷറിൽ പണിയെടുക്കുന്ന കുറച്ചു തൊഴിലാളികളാണ്. അവർക്കു പണി കിട്ടി എന്നുള്ളതുകൊണ്ട് അവർ എതിർക്കുകയില്ല. ക്രഷർ സ്ഥാപിച്ചതിന്റെ ഫലമായി ആയിരക്കണക്കിന് തൊഴിലാളികൾക്ക് പണിയില്ലാതായി. മുമ്പു പണി എടുത്തിരുന്ന ആളുകൾക്ക് പണി ഇല്ലാതായതിനെത്തുടർന്നാണ് സമരം. അവരുടെ പ്രശ്നത്തിന് പരിഹാരം എന്ന നിലയ്ക്ക് എന്തെങ്കിലും ഒരു നടപടി എടുക്കുമോ? ക്രഷറിൽ പണി എടുക്കുന്നവരുടെ കാര്യമല്ല ഇത്.

ശ്രീ. എം.കെ. രാഘവൻ: അവിടെ മാത്രമല്ല, ഇതു ബാധകമാകുന്നത്. വാദപ്രതിവാദത്തിലേക്ക് പോകണമോ എന്നു സംശയിക്കുകയാണ്. സംസ്ഥാനത്ത് ഏതു ഭാഗത്തു ക്രഷർ ഉപയോഗിച്ചാലും പ്രകാരാന്തരേണ മറെറല്ലാ തൊഴിലാളികൾക്കും തൊഴിൽ ഇല്ലാതാകുന്ന സന്ദർഭത്തിലേക്കാണ് പോകുന്നത്. അതുകൊണ്ട് ക്രഷർ ഉപയോഗിക്കണമോ വേണ്ടയോ എന്നുള്ളതാണ് അന്തിമമായി തീരുമാനിക്കേണ്ടത്. അതേക്കുറിച്ച് ആലോചന നടത്തണമെങ്കിൽ നടത്തുകയും സ്വീകരിക്കണമെങ്കിൽ സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. എ.പി. കുര്യൻ: ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് എല്ലാ ഭാഗങ്ങളിലും ക്രഷർ ഉപയോഗിക്കുന്നതിനുള്ള ലൈസൻസ് നിർബാധം നൽകിവരികയാണ്. മന്ത്രി പറഞ്ഞു അതിന്റെ എല്ലാ വിശദാംശങ്ങളും പരിശോധിക്കണമെന്ന്. അതു പരിശോധിക്കുന്നതുവരെ പുതുതായി ക്രഷർ സ്ഥാപിക്കാൻ അനുമതി കൊടുക്കുന്ന നടപടി ഒന്നു നിറുത്തിവയ്ക്കാമോ?

ശ്രീ. എം.കെ. രാഘവൻ: ഇപ്പോൾ സമരം ചെയ്യുന്ന തൊഴിലാളികളും ഈ പ്രൊപ്പോസിഷൻ ഒക്കെവച്ചു. അതേക്കുറിച്ച് ആലോചിക്കാം. ഇപ്പോൾ ഈ രീതിയിൽ ഒരു സമരം ആവശ്യമില്ല. മേലാൽ ലൈസൻസ് കൊടുക്കാതെയിരിക്കാം. എന്നിട്ട് നമുക്ക് അതേക്കുറിച്ച് ആലോചിക്കാമെന്നു പറഞ്ഞിട്ടും സമ്മതിക്കാതിരിക്കുകയാണ്.

ശ്രീ. എ.പി. കുര്യൻ: എന്റെ ചോദ്യം ഈ സമരം ചെയ്യുന്ന തൊഴിലാളികളോട് എന്തു മറുപടി പറഞ്ഞു എന്നല്ല, എല്ലാ വിശദാംശങ്ങളും പരിശോധിച്ച് ഒരു തീരുമാനം എടുക്കുന്നതുവരെ തുടർന്ന് നമ്മുടെ സംസ്ഥാനത്ത് പുതുതായി ക്രഷർ ഉപയോഗിക്കുന്നതിന് ലൈസൻസ് കൊടുക്കുന്നതു നിറുത്തിവയ്ക്കാൻ ഭയവുണ്ടാകുമോ?

ശ്രീ. എം.കെ. രാഘവൻ: ഞാൻ ഒരു വൺ വേ ട്രാഫിക് ആയിട്ടല്ല മറുപടി പറഞ്ഞത്. നിറുത്തിവയ്ക്കാൻ തയ്യാറാണ്. ആ സമയത്ത് ആ കാര്യത്തിൽ ആരംഭിച്ചിട്ടുള്ള സമരവും നിറുത്തിവയ്ക്കേണ്ടതാണ് അതിന്റെ സാമാന്യ മര്യാദ. അതു പറഞ്ഞു എന്നുമാത്രമേ ഉള്ളൂ.

ശ്രീ. എൻ.പി. മൊയ്തീൻ: ലോകനാർകാവിൽ ക്രഷർ സ്ഥാപിച്ചതുമൂലം ആ ഭാഗത്തുള്ള തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുള്ള അവസരം ലഭിച്ചിട്ടുണ്ടെന്നും മറ്റു ചില ഭാഗങ്ങളിൽനിന്നു വന്ന തൊഴിലാളികൾ അല്പാതെയുള്ളവരാണ് കുഴപ്പം സൃഷ്ടിച്ചതെന്നും, അതുമൂലമാണ് ലാത്തിച്ചാർജ്ജും മറ്റു സംഭവങ്ങളും ഉണ്ടായത് എന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ഗവൺമെന്റിന് കിട്ടിയ വിശദാംശങ്ങൾ അങ്ങനെയല്ല. അവിടെ പണി എടുക്കുന്ന ആളുകൾക്ക് ആക്ഷേപം ഇല്ല. ഏതാണ്ട് 50 ഓളം തൊഴിലാളികൾ അവിടെ പണിയെടുക്കുന്നുണ്ട്. അവിടെ പണിയെടുക്കാത്ത ആൾക്കാർക്കാണ് ആക്ഷേപം എന്നും അവരുടെ സമരം ആണെന്നും ആണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്.

ശ്രീ. എ.എൻ. യൂസഫ്: ഇങ്ങനെ ക്രഷർ സ്ഥാപിക്കുകയാണെങ്കിൽ കൂടുതൽ ജോലി കിട്ടാനുള്ള സാധ്യതയുണ്ട്. അട്ടപ്പാടി പ്രദേശത്ത് കുടുപ്പമുള്ള ധാരാളം കല്ലുകളുണ്ട്. ഒരു ക്രഷർ വന്നാൽ രണ്ടോ മൂന്നോ ആയിരം ആളുകൾക്കു ജോലി ചെയ്യാം. ക്രഷർ വരുന്നതു തടയപ്പെടുന്നതുമൂലം തൊഴിലില്ലായ്മ കൂടുതലാകാൻ സാധ്യതയുണ്ട്. പിന്നണി പ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലും കൂടുതൽ ക്രഷർ ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ജോലികിട്ടാൻ സാദ്ധ്യതയുണ്ട്. പിന്നണി പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും അതിനു വേണ്ട സൗകര്യം ചെയ്തുകൊടുക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അതേ സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കാവുന്ന നയപരമായ കാര്യമാണ്. അതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ച് ഒരു തീരുമാനം എടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം 640

ശ്രീ. ഇ. നാരായണൻ നായർ: ***ഒരു ചോദ്യം ചോദിക്കാൻ അവസരം തരണമെന്ന് ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ചോദ്യം ചോദിക്കാൻ അനുവദിച്ചു എന്നല്ലാതെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കമന്റ് അനുവദിച്ചിട്ടില്ല. ചോദ്യം ചോദിക്കാം.

ശ്രീ. ഇ. നാരായണൻ നായർ: ക്രഷറിൽ പുതുതായി ആളുകളെ ഇറക്കുമതി ചെയ്തതല്ല. ഇരിങ്ങൽ കാറിയിൽ ജോലി ചെയ്തിരുന്ന മൂവായിരത്തിൽപരം..... ***

ശ്രീ. കെ. പങ്കജാക്ഷൻ: കളവ് പറഞ്ഞു എന്നു പറയാൻ അവകാശം ഉണ്ടോ സർ?

ശ്രീ. ഇ. നാരായണൻ നായർ: ലോകനാർകാവിൽ എന്ന സ്ഥലത്ത് ഒരു യന്ത്രം..... ***

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ ഓർഡർ.

ശ്രീ. കെ. പങ്കജാക്ഷൻ: ചോദ്യം ചോദിച്ച് വിവരം ശേഖരിക്കാനുള്ള സമയമാണ് ഇത്. ഈ രീതിയിൽ അസത്യപ്രസ്താവനകൾ നടത്താനുള്ളതല്ല. ഈ സന്ദർഭം ഈ രീതിയിൽ ദുരുപയോഗപ്പെടുത്താൻ അനുവദിക്കരുത്.

***ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം സഭാനടപടികളിൽനിന്ന് നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ മെമ്പറെ അഭിപ്രായപ്രകടനമൊന്നും നടത്താൻ അനുവദിക്കുന്നതല്ല. ചോദ്യം ചോദിക്കാം എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. നാരായണൻ നായർ: ഞാൻ ചോദ്യം ചോദിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

ശ്രീ. കെ. പങ്കജാക്ഷൻ: അനാവശ്യം പറയാൻ ഒരു മെമ്പർ തുനിഞ്ഞാൽ അനുവദിക്കരുത്. എന്തും ആകാമെന്ന സമീപനം അനുവദിക്കരുത്.

ശ്രീ. കെ.എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ

(സഭയിൽ ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എല്ലാമെമ്പർമാരും അൽപ്പം ഒന്നു ശാന്തരായി ഇരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ നാരായണൻ നായർ ചെയ്തിട്ടുള്ള പരാമർശങ്ങളും ഒന്നും ഈ സഭാനടപടികളിൽ ഉൾപ്പെടുത്തുന്നതല്ല. ചോദ്യം ചോദിക്കാൻ മാത്രമാണ് മെമ്പറെ അനുവദിച്ചിട്ടുള്ളത്.

ശ്രീ. കെ. പങ്കജാക്ഷൻ: മന്ത്രിമാർക്കും സംരക്ഷണം വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണെന്ന് ആദ്യം എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. മെമ്പറുടെ നിയോജകമണ്ഡലത്തിൽപ്പെട്ട പ്രശ്നമാണെന്നു മെമ്പർ പറഞ്ഞതുകൊണ്ടു അസാധാരണ നിലയിൽ, ഇൻഫർമേഷൻ കിട്ടാൻ ഒരു ചോദ്യം ചോദിക്കാൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അല്ലാതെ മറ്റു പരാമർശങ്ങളൊന്നും അനുവദിക്കുന്നതല്ല.

ശ്രീ. ഇ. നാരായണൻ നായർ: ലോകനാർകാവ് എന്ന സ്ഥലത്ത് കരിങ്കൽത്തൊഴിലാളികളും ഇല്ല. ഇരിങ്ങൽ എന്നു പറയുന്ന സ്ഥലത്താണ് കരിങ്കൽത്തൊഴിലാളികളും ഉള്ളത്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഇതു കമേഴ്സ്യൻ ഓഫ് പ്രിവിലേജ് ആണ്. അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പക്ഷേ ഒരു മന്ത്രി കള്ളം പറഞ്ഞുവെന്ന് ഒരു മെമ്പർ പറഞ്ഞാൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ആ പരാമർശങ്ങളെല്ലാം നീക്കം ചെയ്യാമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. എസ്. വരദരാജൻ നായർ: എന്നാൽ തീർച്ചയായും ആ അലിഗേഷൻ ആദ്യം പിൻവലിക്കണം. അല്ല അതു തീർച്ചയായും കള്ളമാണെന്നു തോന്നിയാൽ അദ്ദേഹത്തിന് പ്രിവിലേജ് മോഷനായിട്ട് റെയിസ് ചെയ്യാം. ഇതൊന്നുമല്ലാതെ blatant ആയി കള്ളം ആണ് പറഞ്ഞത് എന്നു പറഞ്ഞാൽ അതു നീക്കം ചെയ്തതുകൊണ്ടായില്ല. അതേക്കുറിച്ച് ഒന്നുകൂടി ആലോചിച്ചാൽ തരക്കേടില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: റൂളിംഗിനെ ചോദ്യം ചെയ്യലാണോ ഇത്? ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇങ്ങനെ തുടങ്ങിയാലോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ കള്ളമാണ് എന്നുള്ള പരാമർശം ചെയ്യാൻ പാടില്ലാത്തതാകുന്നു. കാരണം ചോദ്യോത്തര സമയത്ത് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതായിട്ടുള്ള ഉത്തരത്തെക്കുറിച്ച് അഭിപ്രായപ്രകടനം നടത്താൻ യാതൊരു മെമ്പർക്കും അവകാശമില്ലാത്തതാകുന്നു. ആ നിലയ്ക്ക് നടക്കുന്നതായിട്ടുള്ള യാതൊരു അഭിപ്രായപ്രകടനവും സഭാനടപടികളിൽ ഉൾപ്പെടുത്തുന്നതല്ല. മെമ്പർമാർക്കു എന്തെങ്കിലും ഇൻഫർമേഷൻ കിട്ടാനുണ്ടെങ്കിൽ ചോദിക്കാൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. എ.എ. റഹിം: മന്ത്രിമാർ പറയുന്ന മറുപടിയെപ്പറ്റി ആർക്കും ഒന്നും ചോദിക്കാൻ പാടില്ലെന്നാണോ സർ?

(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട നാരായണൻ നായർക്ക് ചോദ്യം ചോദിക്കണമെന്നുണ്ടെങ്കിൽ അതിന് അനുവദിച്ചിരിക്കുന്നു. ചോദ്യം ചോദിക്കാൻ അനുവദിച്ചിരിക്കുന്നു.

(ബഹളം)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, കരു പോയിന്റ് ഓഫ് ഓർഡർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ചോദ്യോത്തരസമയത്ത് പോയിന്റ് ഓഫ് ഓർഡർ അങ്ങ് അനുവദിച്ചു.

ശ്രീ. സേവ്യർ അറയ്ക്കൽ: അങ്ങ് അനുവദിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യോത്തരസമയത്ത് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ലാത്തതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അനുവദിക്കുകയും ചെയ്തു.

ശ്രീ. കെ. പങ്കജാക്ഷൻ: സഭാനടപടി പരിശോധിച്ചാൽ മനസ്സിലാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യോത്തരസമയത്ത് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിക്കുന്നതല്ലെന്നു ബഹുമാനപ്പെട്ട സ്പീക്കർ മുൻപു വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തമായ റൂളിംഗ് ഉണ്ട്. ഒരു ഭാഗത്തുനിന്ന് ചോദിക്കുമ്പോൾ മറുഭാഗത്തുനിന്നും എഴുന്നേറ്റുനിന്നു ചോദിച്ചിട്ടുണ്ടാവും. ആരു ചോദിക്കുന്നതും പോയിന്റ് ഓഫ് ആർഡറായി അംഗീകരിച്ചിട്ടില്ല. രണ്ടു ഭാഗത്തുനിന്നും ചില മെമ്പർമാർ എഴുന്നേറ്റ് പലതും പറഞ്ഞിട്ടുണ്ടാവും. അതൊന്നും പോയിന്റ് ഓഫ് ആർഡർ അല്ല. ചോദ്യോത്തരസമയത്ത ചോദ്യങ്ങളില്ലാതെ അങ്ങനെ പറഞ്ഞിട്ടുള്ള യാതൊന്നും സഭാനടപടികളിൽ വരുന്നതല്ല. പോയിന്റ് ഓഫ് ആർഡർ സഭാനടപടികളിൽ വരുന്നതല്ല. ബഹുമാനപ്പെട്ട റഹിമിനെയും രാമകൃഷ്ണനെയും പോലെയുള്ള മെമ്പർമാർ സഭാനടപടികളും സമാധാനപരമായി നടത്തിക്കൊണ്ടുപോകാൻ സഹായിക്കണം. ചോദ്യോത്തരസമയത്ത് ഇങ്ങനെയൊരു ബഹളം ഉണ്ടാക്കേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇല്ലാത്ത പോയിന്റ് ഓഫ് ആർഡർ അനുവദിച്ച് നൽകാൻ പാടില്ലാത്ത റൂളിംഗും നൽകി. എല്ലാം എടുത്തുകളയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: കണ്ണുമാത്രം പറയേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട നാരായണൻ നായർക്ക് വല്ല ഇൻഫർമേഷനും കിട്ടേണ്ട ചോദ്യം ഉണ്ടെങ്കിൽ ചോദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: ലോകനാർകാവിൽ പുതിയതായി സ്ഥാപിച്ച ക്രഷർകൊണ്ട് അവിടെയുള്ള തൊഴിലാളികൾക്കു ബുദ്ധിമുട്ടില്ല മറ്റുഭാഗങ്ങളിലുള്ള തൊഴിലാളികൾക്കാണു ബുദ്ധിമുട്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ ആർഡർ. ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിക്കണം.

ശ്രീ. ഇ. നാരായണൻ നായർ: സ്ഥാപിച്ച സ്ഥലത്തു തൊഴിലാളികളില്ല. ഇരിങ്ങൽ കാറിയിലെ ആറായിരം തൊഴിലാളികൾക്കാണ് ബുദ്ധിമുട്ടുള്ളത്. ലോകനാർകാവിൽ തൊഴിലാളികളില്ല. അതുകൊണ്ട് അവിടെ ആക്ഷേപമില്ല. ഈ പ്രശ്നത്തിനു വല്ല പരിഹാരവുമുണ്ടാക്കാൻസാധിക്കുമോ എന്നാണു ചോദ്യം.

ശ്രീ. എം.കെ. രാഘവൻ: വിവരങ്ങൾ ശേഖരിക്കാൻ ബഹുമാനപ്പെട്ട മെമ്പറെ ആരും നിയോഗിച്ചതായി അറിവില്ല. വിവരങ്ങൾ ശേഖരിക്കാൻ ഗവൺമെന്റ് ആശ്രയിക്കുന്നത് കളക്ടറെയാണ്. ആ കളക്ടറിൽ നിന്നു കിട്ടിയ വിവരങ്ങളാണു ഞാൻ പറഞ്ഞത്. എന്റെ പ്രസ്താവനകളെ ബഹുമാനപ്പെട്ട മെമ്പർ ഏതുതരത്തിലാണു ചിത്രീകരിക്കുകയെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറെസംബന്ധിച്ച ചുറ്റുപാടും ബാക്ക് ഗ്രൗണ്ടും ഒക്കെ ആശ്രയിച്ചിരിക്കുമെന്നതിനാൽ ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെയൊക്കെയാണ് പറഞ്ഞു ഫലിപ്പിക്കുന്നതെങ്കിൽ എനിക്കു വിരോധമില്ല. കളക്ടർ തന്ന വിവരമാണ്. ഞാനവിടെ പോയിട്ടില്ല. ക്രഷർ നടത്താൻ ഞാൻ പോകുന്നില്ല. ആരാണു പണിയെടുക്കുന്നതെന്നു നോക്കിയിട്ടില്ല. വിവരം ശേഖരിച്ചതാണ്. ആ കിട്ടിയ വിവരങ്ങൾ ചിലപ്പോൾ നേരിൽനിന്ന് അകന്നതായിരിക്കാം; പേഴ്സണലായിട്ടുള്ള അറിവ് എനിക്കില്ല. ബഹുമാനപ്പെട്ട മെമ്പർക്കറിയാമെങ്കിൽ നേരല്ലെന്നു പറഞ്ഞുമനസ്സിലാക്കുന്ന ഭാഷ ഇതാണെങ്കിൽ ആ സ്ഥലത്തുള്ള ജനങ്ങളെ ദൈവം രക്ഷിക്കട്ടെ.

തൊഴിലില്ലായ്മ വേതനം പറ്റിയവർക്ക് ജോലി കൊടുക്കാത്ത പഞ്ചായത്തുകൾ

* 600 [640] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയ ആൾക്കാർക്ക് ഗവൺമെന്റ് നിർദ്ദേശപ്രകാരം ജോലി കൊടുക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, തിരുവനന്തപുരം ജില്ലയിലും ഇടുക്കി ജില്ലയിലും എല്ലാ പഞ്ചായത്തുകളിലും തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയ ആളുകൾക്ക് ജോലി കൊടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ താഴെ പറയുന്ന പത്തു പഞ്ചായത്തുകളിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയ ആളുകൾക്കു ജോലി കൊടുത്തിട്ടില്ല.

പരപ്പനങ്ങാടി, മേലാറ്റൂർ, ഇടപ്പറ്റ, കൊണ്ടോട്ടി, എരുമത്തുരുത്തി, വട്ടക്കുളം, തവന്നൂർ, ഇടപ്പാൾ, വെളിയാർകോട്ട, കോട്ടയ്ക്കൽ.

മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

ഡോ. ജോർജ് മാത്യു: ഗവൺമെന്റിന്റെ പരിപാടിയെ നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടി, വർക്കുകൾ എടുക്കുമ്പോൾ ഇതിനു

LIBRARY ARCHIVES Kerala Legislative Assembly